**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1236** **10-10-2024 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ നിർമ്മാണത്തിനായി വനഭൂമിക്ക് പകരം ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കാസറഗോഡ് ജില്ലയിൽ വനഭൂമിക്ക് പകരം ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | മലയോരപാതയുടെ നിർമ്മാണത്തിനായി കാസർഗോഡ് ജില്ലയിൽ വനഭൂമി വിട്ടു കിട്ടുന്നതുമായി ബന്ധപ്പെട്ട് ഓരോ റീച്ചിലെയും നിലവിലെ പുരോഗതി താഴെ ചേർക്കുന്നു.<br><br>i) എടപറമ്പ - കോളിച്ചാൽ റീച്ചിൽ വനഭൂമിയിൽ നിർമ്മാണം നടത്തുന്നതിന് 4.33 ഹെക്ടർ വനഭൂമി ലഭിക്കുന്നതിന് വേണ്ടി പകരം ഭൂമി നൽകുന്നതിനായി വെള്ളരിക്കുണ്ട് താലൂക്കിൽ, ഭീമനടി വില്ലേജിൽ റീസർവ്വേ നമ്പർ 553 ൽ പെട്ട 4.33 ഹെക്ടർ (കമ്മാടം കാവ്) റവന്യൂ ഭൂമി വനം വകുപ്പിന് കൈമാറി ഉത്തരവാകുകയും Stage-I, Stage-II അനുമതി ലഭിക്കുന്നതിന് പരിവേഷ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ കോളിച്ചാൽ എടപറമ്പ് റോഡിന് വേണ്ടി അനുവദിച്ച ഭൂമി മറ്റൊരു പദ്ധതിയുടെ Compensatory Afforestation Land ആയി ഇതിനോടകം സമർപ്പിക്കപ്പെട്ടതിനാൽ അപേക്ഷ പരിവേഷ് പോർട്ടലിൽ നിന്നും തിരികെ നൽകിയിരിക്കയാണ്. മറ്റൊരു സ്ഥലം C A Land ആയി റവന്യൂ വകുപ്പിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ii) കോളിച്ചാൽ - ചെറുപുഴ റീച്ചിൽ 3.5 കി.മീ. നീളത്തിൽ ആണ് മലയോരപാത വനഭൂമിയിലൂടെ കടന്നു പോകുന്നത്. നിലവിൽ പ്രസ്തുത ഭാഗത്തിന് Stage-II അനുമതി ലഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് ഭാഗം കൈമാറി കിട്ടുന്നതിന്റെ ഭാഗമായി ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള കല്ലിടൽ പ്രവൃത്തി ടെൻഡർ ചെയ്ത് കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിന് സ്വകാര്യ വ്യക്തികളുടെ ഭൂമി വിലകൊടുത്ത് വാങ്ങി വനംവകുപ്പിന് കൈമാറുന്നതിന് | (ബി) | ഭൂവുടമകളിൽ നിന്നും ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനാണ് മലയോരഹൈവേ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഭൂമി വിലകൊടുത്ത് |

| | | | |
|---|---|---|---|
| | നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | വാങ്ങുന്ന വിഷയം നിലവിൽ സർക്കാർ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ